A

# സമഗ്രശിക്ഷാ കേരളം

201

## പാദവാർഷിക മൂല്യനിർണ്ണയം 2023-24

## ഉദ്ഗ്രഥനം - ഒന്നാം ദിവസം

ക്ലാസ് : 2

പേര്: .............................................. സ്കൂൾ:..............................................

### പ്രവർത്തനം 1 - ഒഴുകുന്ന പുഴ

നിലവാരസൂചിക

നല്ല മഴ.
മഴയിൽ പുഴ നിറഞ്ഞു.
പുഴ നിറഞ്ഞൊഴുകി.
മീനുകൾ തുള്ളിച്ചാടി.
മാനം മുട്ടെ ഉയർന്നു നിൽക്കുന്ന മലനിരകൾ.
മലയിൽ നിറയെ പൂമരങ്ങൾ.
ഇരുവശവും പച്ചവിരിച്ചവയലുകൾ.
മലയും കാടും വയലും കടന്ന് പുഴ ഒഴുകി.

പുഴയ്ക്കു കുറുകെ ഒരു വലിയപാലം.
ഇരുവശവും കൂറ്റൻ കെട്ടിടങ്ങൾ.
പുഴയിലേക്ക് മലിനജലം ഒഴുകിവന്നു.
പുഴയുടെ നിറം മാറി.
പുഴയ്ക്ക് സങ്കടമായി.



**വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതു.**

1. പുഴ നിറഞ്ഞതെപ്പോൾ?

2. മീനുകൾ എന്താണ് ചെയ്തത്?

3. മലയിൽ നിറയെ എന്താണ്?

4. പുഴയ്ക്ക് കുറുകെ എന്താണ്?

5. എന്തുകൊണ്ടാണ് പുഴയ്ക്ക് സങ്കടം വന്നത്?

## പ്രവർത്തനം 2 – പൂമരം

നിലവാരസൂചിക



**പൂമരത്തിൽ പല നിറത്തിലുള്ള പൂക്കൾ.**
**പൂക്കൾക്ക് നിറം നൽകൂ.**

| | | |
|---|---|---|
| മഞ്ഞ | – | 6 |
| ചുവപ്പ് | – | 5 |
| നീല | – | 14 |

മഞ്ഞയും ചുവപ്പും കൂടി എത്ര പൂക്കൾ?

മരത്തിൽ ആകെ എത്ര പൂക്കൾ?

കാറ്റ് വീശി.
3 മഞ്ഞപ്പൂക്കളും 2 നീലപ്പൂക്കളും കൊഴിഞ്ഞുവീണു.
മരത്തിൽ എത്ര പൂക്കൾ ബാക്കിയുണ്ടാകും?

## പ്രവർത്തനം 3 – പൂമരത്തിലെ കൂട്ടുകാർ

നിലവാരസൂചിക

മാമലമേലെ പൂമരമുണ്ടേ
തേന്മണമൊഴുകും പൂവുകളുണ്ടേ
പൂവുകൾ തോറും പാറി നടക്കും
ചേലേറും പൂമ്പാറ്റകളുണ്ടേ.



കൂടുതൽ വരികൾ കൂട്ടിച്ചേർത്ത് പാടാം

മാമലമേലെ പൂമരമുണ്ടേ
തേന്മണമൊഴുകും പൂവുകളുണ്ടേ



പൂവുകൾ തോറും............................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................





| | | |
|---|---|---|
| പൂമ്പൊടി തിന്നും | കലപില കൂട്ടും | മൂളിപ്പാടും |

## പ്രവർത്തനം 4 – ഗ്രാമക്കാഴ്ചകൾ

നിലവാരസൂചിക

ഗ്രാമക്കാഴ്ചകൾ നോക്കൂ. എത്ര മനോഹരം!



**വായിച്ച് ഗ്രാമത്തിലെ കാഴ്ചകൾക്കുനേരെ '✓' അടയാളം രേഖപ്പെടുത്തൂ**

- [ ] പീലിവിടർത്തിയാടുന്ന തെങ്ങുകൾ
- [ ] ആളുകളുടെ തിക്കും തിരക്കും
- [ ] പച്ചവിരിച്ചു നിൽക്കുന്ന വയലുകൾ
- [ ] തിരക്കുകുറഞ്ഞ റോഡുകൾ
- [ ] കൂറ്റൻ കെട്ടിടങ്ങൾ
- [ ] കളകളം പാടി ഒഴുകുന്ന തോടുകൾ
- [ ] വയൽവരമ്പിൽ നിരന്നുനിൽക്കുന്ന വെള്ളക്കൊക്കുകൾ
- [ ] തലങ്ങും വിലങ്ങും പായുന്ന വാഹനങ്ങൾ

## പ്രവർത്തനം 5 - പഴക്കൂട

നിലവാരസൂചിക

പൂമരം മാത്രമല്ല
മലയിൽ നിറയെ പഴങ്ങളുള്ള മരങ്ങളുമുണ്ട്.
സപ്പോട്ട, പേര, ചാമ്പ, മാവ്, ..........

കാറ്റ് ആഞ്ഞുവീശി.
പഴങ്ങൾ താഴേക്കുവീണു.
കുട്ടികൾ പഴങ്ങൾ പെറുക്കി വെച്ചു.

**പഴങ്ങൾ എത്ര?**

| പഴങ്ങൾ | പത്തിന്റെ കൂട്ടം | ഒന്നുകൾ | ആകെ |
|---|---|---|---|
| സപ്പോട്ട | 2 | 3 | ............ |
| പേരയ്ക്ക | ............ | ............ | 36 |
| ചാമ്പ | 4 | 5 | ............ |
| മാങ്ങ | ............ | ............ | 10 |

ഏത് പഴമാണ് കൂടുതൽ കിട്ടിയത്?

പഴങ്ങളുടെ എണ്ണത്തെ ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമീകരിക്കൂ.